# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
**നക്ഷത്രചിഹ്നമിട്ട ചോദ്യം : 503 25.10.2016 ൽ മറുപടിയ്ക്ക്**

**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>'' കെ. കൃഷ്ണൻകുട്ടി<br>'' സി.കെ. നാണു<br>'' കോവൂർ കുഞ്ഞുമോൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം വളരെ പരിമിതമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ 'ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജം തുടങ്ങിയവയിൽ നിന്നുള്ള വൈദ്യുതോത്പാദനം 2015-16 സാമ്പത്തിക വർഷത്തിൽ 612.251 ദശലക്ഷം യൂണിറ്റ് ആയിരുന്നു. ഇതിൽ സൗരോർജ്ജത്തിൽ നിന്നുള്ള ഉത്പാദനം 6.7614 ദശലക്ഷം യൂണിറ്റും സൗരോർജ്ജ ഉത്പാദനം ഒഴികെയുള്ള ഉത്പാദനം 605.5 ദശലക്ഷം യൂണിറ്റും ആയിരുന്നു. |
| (ബി) | കാറ്റ് ഉപയോഗിച്ച് വൈദ്യുത ഉല്പാദനം നടത്തുന്നതിനെക്കുറിച്ചും വീടിന് മുകളിൽ സ്ഥാപിക്കാവുന്ന വിന്റ് പവർ സിസ്റ്റം പോലുള്ള ചെറുകിട വൈദ്യുത ഉല്പാദന യൂണിറ്റുകളെക്കുറിച്ചും ഏതെങ്കിലും രീതിയിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | അനെർട്ട് 1990 മുതൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി ഉത്പാദനത്തിനുള്ള സാധ്യതാപഠനം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ചെയ്തുവരുന്നു. ഇതിനോടകം 26 കേന്ദ്രങ്ങളിലും, അനെർട്ട് സ്വന്തം നിലയ്ക്ക് 6 കേന്ദ്രങ്ങളിലും വിന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇതിൽ 17 സ്ഥലങ്ങൾ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കെ. എസ്. ഇ. ബിയും പഠനം നടത്തിയിട്ടുണ്ട്. ചെറുകിട കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ബോർഡിന്റെ ആസ്ഥാനമായ വൈദ്യുതി ഭവനത്തിന്റെ 4-ാം നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സെക്കൻററിൽ 4 മീറ്റർ മുതൽ 6 മീറ്റർ വരെ വേഗതയിൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ; വിശദമാക്കുമോ ? | (സി) | നിലവിലുള്ള പഠനങ്ങൾ വളരെ ഉയരത്തിൽ കൂടിയ വേഗതയിൽ കാറ്റ് ലഭിക്കുന്ന പ്രദേശങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുറഞ്ഞ വേഗതയുള്ള പ്രദേശങ്ങളുടെ വിവരം ഇപ്പോൾ ലഭ്യമല്ല |
| ഡി) | വീട്ടുകൾക്ക് മുകളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിച്ച്, മറ്റ് ഉല്പാദന ഉപാധികളെക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളി പ്പെടുത്താമോ; | (ഡി) | ചെറു കാറ്റാടി യന്ത്രങ്ങളുടെ ഉപയോഗക്ഷമത പഠിച്ചു വരുന്നു. |
| ഇ) | ഇത്തരത്തിൽ കാറ്റ് ഉപയോഗിച്ച് വീട്ടുകളിലും സർക്കാർ ഓഫീസുകളിലും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ കൈവശമുള്ള ഏതെങ്കിലും സർക്കാർ-അർദ്ധ സർക്കാർ - സ്വകാര്യ സ്റ്റാർട്ട് അപ് സംരംഭകർ സാങ്കേതിക വിദ്യ യുടെ വാണിജ്യ വല്ക്കരണത്തിനും പ്രചരണത്തിനുമായി സർക്കാ രിനെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ മേൽ വിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ഇ) | ചെറു കാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ച് വീട്ടുകളിലും മറ്റും വൈദ്യുതി ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയുടെ വാണിജ്യവല്ക്കരണത്തിനായി ആരുംതന്നെ വൈദ്യുതി ബോർഡിനേയോ അനെർട്ടിനേയോ സമീപിച്ചിട്ടില്ല. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം വൈദ്യുതി ഭവനിൽ ചെറു കാറ്റാടി യന്ത്രം സ്ഥാപിച്ചിട്ടുള്ളത് കളമശ്ശേരിയിലുള്ള കിൻഫ്ര ടെക്നോപാർക്ക് വഴി, തിരുവനന്തപുരം ആസ്ഥാനമായ മെഗാബൈറ്റ് എന്ന സ്ഥാപനമാണ്. |
| എഫ്) | ഇത്തരം നവീന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് കേരള ത്തിന്റെ ഊർജ്ജ സ്വയം പര്യാപ്തതയ്ക്ക് അനിവാര്യ മാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന ഉപഭോക്താ ക്കൾക്ക് സബ്സിഡി സഹായം, | (എഫ്) | ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കു ന്നതിനും ഉപഭോക്താക്കൾക്ക് ധനസഹായവും, സാങ്കേതിക സഹായവും അനെർട്ട് നൽകി വരു ന്നുണ്ട്. ഇങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ലൈനിലേക്ക് കടത്തിവിടുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ വൈദ്യുതി ബോർഡുമായി ചേർന്ന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതിക സഹായം |

| | | | |
|---|---|---|---|
| | സാങ്കേതിക സഹായം, ഗ്രിഡിലേക്ക് അധിക വൈദ്യുതി തിരികെ നൽകുമ്പോൾ വൈദ്യുതിയുടെ വില ലഭ്യമാക്കൽ എന്നിവയുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കാമോ? | | വൈദ്യുതി ബോർഡിനും, അനെർട്ടിനും, ഇ. എം. സിയ്ക്കും നൽകാൻ സാധിക്കുന്നതാണ്. ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിന് വേണ്ട അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ നിന്നും നടപടി സ്വീകരിക്കുന്നതാണ്. ഗ്രിഡിലേയ്ക്ക് അധിക വൈദ്യുതി നല്കുന്നതിനുള്ള പ്രതിഫലം നിശ്ചയിക്കേണ്ടത് കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്. |

P. Priya

സെക്ഷൻ ആഫീസർ